# കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ

## തിരുവനന്തപുരം

ഹാജർ : ശ്രീ. കെ. നസീർ (മെമ്പർ)

തീയതി : 28.05.2019

**സി.ആർ.എം.പി.നമ്പർ : 4219/10/$C_2$/2017/KeSCPCR**

ഹർജിക്കാരൻ : ദാസൻ.എസ്.,
ഷാരത്ത് ഹൗസ്,
പി.ഒ. തിരൂർ, മലപ്പുറം - 676 101.

എതിർകക്ഷികൾ : 1. അഡീഷണൽ ചീഫ് സെക്രട്ടറി,
തദ്ദേശസ്വയംഭരണ വകുപ്പ്,
ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം.

2. സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ,
സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ കാര്യാലയം,
5-ാം നില, വികാസ് ഭവൻ,
പി.എം.ജി., തിരുവനന്തപുരം - 695 033.

### ഉത്തരവ്

1) വേനൽകാല അവധി എല്ലാ സ്കൂളുകൾക്കും നിർബന്ധമാക്കി കമ്മീഷൻ ഉത്തരവ് പ്രകാരം ബന്ധപ്പെട്ട വകുപ്പുകൾ ഉത്തരവിറക്കിയെങ്കിലും സ്പെഷ്യൽ സ്കൂളുകളും ബഡ്സ് സ്കൂളുകളും വേനലവധി കാലത്തും പ്രവർത്തിക്കുന്നുവെന്നും ഇക്കാര്യത്തിൽ നടപടിയെടുക്കണമെന്നും കാണിച്ചാണ് മേൽ ഹർജി ബോധിപ്പിച്ചത്.

2) മേൽ കാര്യത്തിൽ 1-ാം എതിർകക്ഷി സമർപ്പിച്ച റിപ്പോർട്ടിൽ ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് തുടർ പരിശീലനവും, പരിചരണവും ആവശ്യമാകയാൽ രണ്ട് മാസം വേനലവധി നൽകുന്ന പക്ഷം ടി കുട്ടികൾക്ക് തുടർ പരിശീലനങ്ങളിലൂടെ ലഭ്യമാക്കിയ പ്രായോഗികവും ബൗദ്ധികവുമായ അറിവുകൾ നഷ്ടപ്പെടുന്നതിന് സാധ്യതയുണ്ടെന്നും ടി സാഹചര്യം കുട്ടികളുടെ ബൗദ്ധിക പുരോഗതിയെ ബാധിക്കുന്ന അവസ്ഥ ഒഴിവാക്കാനായി കുട്ടികൾക്ക് മധ്യവേനലവധി അനുവദിക്കുന്നത് ഉചിതമായിരിക്കില്ല എന്നതിനാലാണ് മധ്യവേനലവധി അനുവദിക്കാത്തതെന്ന് ബോധിപ്പിക്കുകയുണ്ടായി.

3) മേൽ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മേൽ നമ്പർ കേസിലെ തുടർ നടപടി അവസാനിപ്പിച്ചു.

(ഒപ്പ്)
കെ. നസീർ
(മെമ്പർ)

ഉത്തരവിൻ പ്രകാരം

കെ.ആർ. പ്രസന്നൻ
രജിസ്ട്രാർ